**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 71** **18-09-2025 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ന്യൂനപക്ഷ ഗവേഷണ വിദ്യാർത്ഥികൾക്കുള്ള മൗലാന ആസാദ് നാഷണൽ ഫെലോഷിപ്പ് 2022-2023 സാമ്പത്തിക വർഷം മുതൽ കേന്ദ്ര സർക്കാർ നിർത്തലാക്കിയ സാഹചര്യത്തിൽ ന്യൂനപക്ഷ ഗവേഷണ വിദ്യാർത്ഥികൾക്കായി സർക്കാർ എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | ന്യൂനപക്ഷ ഗവേഷണ വിദ്യാർത്ഥികൾക്കായി പുതിയ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി 6 കോടി രൂപ ബജറ്റിൽ വകയിരുത്തിട്ടുണ്ട്. കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഗവേഷണ വിദ്യാർത്ഥികൾക്കായി മൗലാനാ ആസാദ് നാഷണൽ ഫെലോഷിപ്പ് നൽകി വന്നിരുന്നു . 2022-23 മുതൽ മൗലാനാ ആസാദ് നാഷണൽ ഫെലോഷിപ്പ് പദ്ധതി കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം നിർത്തലാക്കിയിരുന്നു. ടി പദ്ധതി കേന്ദ്ര സർക്കാർ നിർത്തലാക്കിയ സാഹചര്യത്തിൽ, കേരള സർക്കാർ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന ചീഫ് മിനിസ്റ്റേഴ്സ് റിസർച്ച് ഫെലോഷിപ്പ് ഫോർ മൈനോരിറ്റീസ് എന്ന പേരിൽ പുതിയ പദ്ധതി ആരംഭിക്കുനനതിന് തീരുമാനമെടുക്കുകയും, 2025 - 26 സാമ്പത്തിക വർഷത്തെ ബജറ്റിൽ ആറ് കോടി രൂപ വകയിരുത്തുകയും, പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട് |
| (ബി) | 2024-25 വർഷം ന്യൂനപക്ഷ ക്ഷേമ വകുപ്പ് വിവിധ സ്കോളർഷിപ്പുകൾക്കായി എത്ര തുക അനുവദിച്ചിട്ടുണ്ട്; എത്ര കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭ്യമായിട്ടുണ്ട്; വ്യക്തമാക്കാമോ? | (ബി) | 2024-25 സാമ്പത്തിക വർഷം വിവിധ സ്കോളർഷിപ്പുകൾക്കായി 3856.36 ലക്ഷം രൂപ വിനിയോഗിച്ചു. 141943 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭ്യമായിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

2024 -25 സാമ്പത്തിക വർഷം വിവിധ സ്കോളർഷിപ്പ് പദ്ധതികൾക്കായി, ചെലവഴിച്ച തുകയും, തെരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ എണ്ണവും ചുവടെ ചേർക്കുന്നു

## സ്കോളർഷിപ്പ് വിവരങ്ങൾ 2024-25

| ക്രമ.നം | സ്കോളർഷിപ്പിന്റെ പേര് | ഹെഡ് ഓഫ് അക്കൗണ്ട് | ചെലവഴിച്ചത് (രൂപ ലക്ഷത്തിൽ) | തെരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|---|---|
| 1 | എ.പി.ജെ അബ്ദുൽ കലാം സ്കോളർഷിപ്പ് | "2225-04-277-88-12(P)" | 40.68748 | 677 |
| 2 | സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് (പുതിയത്) | "2225-04-001-99-12 (Non Plan)" | **746.26** | 9022 |
| 3 | ഐ.റ്റി.ഐ – ഫീ റീ ഇംമ്പേഴ്സ്മെന്റ് സ്കീം | "2225-04-277-94(P)" | **396.3** | 3943 |
| | നൈപുണ്യ പരിശീലന പദ്ധതി | | **24.99** | |
| 4 | സി. എ/സി.എം.എ/സി.എസ് സ്കോളർഷിപ്പ് | "2225-04-277-96-12 (P)" | 57.67464 | 384 |

| | | | | |
|---|---|---|---|---|
| 5 | IITs, IIM, IISc, IMSc എന്നീ ഉന്നത സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | | 18 | 36 |
| 6 | യു.ജി.സി/ സി.എസ്.ഐ.ആർ-നെറ്റ് പരിശീലനം | | 8.6733 | 550 |
| 7 | മദർതേരസ സ്കോളർഷിപ്പ് | "2225-04-277-89-12 (P)" | 60.7838 | 402 |
| 8 | പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് | "2225-04-277-91-12(P)" | 524 | 4815 |
| 9 | സിവിൽ സർവ്വീസ് ഫീ റീ ഇംമ്പേഴ്സ്മെന്റ് സ്കീം | | 5.5525 | 33 |
| 10 | വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ് | | 144.26394 | 30 |
| 11 | മാർഗദീപം സ്കോളർഷിപ്പ് | "2225-04-277-86-12(P)" | 1825.3354 | 121667 |
| 12 | ഇബ്രാഹിം സുലൈമാൻ സേട്ട് ഉർദു സ്കോളർഷിപ്പ് | "2225-04-102-92-34-3 (OC) NP" – Implementation of schemes recommended as per Justice Sachar Committee Report | **3.84** | **384** |
| | Total | | **3856.36106** | **141943** |

**സെക്ഷൻ ഓഫീസർ**